ആദിവാസികൾക്ക് നൽകുന്ന സൗജന്യ ഭക്ഷണ സാധനങ്ങൾ

112 (4720) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ എത്ര ആദിവാസികൾക്ക് സൗജന്യ ഭക്ഷണ സാധനങ്ങൾ നല്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) അവർക്ക് സൗജന്യമായി എന്തെല്ലാം ഭക്ഷണ സാധനങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ ;

(സി) ആദിവാസികളെ സ്വയംപര്യാപ്തരാക്കുന്നതിന് എന്തെല്ലാം പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നും അതിനുവേണ്ടി നടപ്പുവർഷത്തേക്ക് എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 82871 ആദിവാസി കുടുംബങ്ങൾക്ക്.

(ബി) ഫുഡ് സപ്പോർട്ട് പദ്ധതി അനുസരിച്ച് അരിയും പയറും സൗജന്യ റേഷൻ പദ്ധതി പ്രകാരം അരി മാത്രവും വിതരണം ചെയ്യുന്നു.

(സി) ആദിവാസികളെ സ്വയംപര്യാപ്തമാക്കുന്നതിനുവേണ്ടി കൃഷി വികസനം, ഊരുവികസനം സ്വയംതൊഴിൽ, വിവിധ തൊഴിലധിഷ്ഠിത പരിപാടികൾ, പട്ടികവർഗ്ഗ സ്ത്രീകൾക്കുള്ള തൊഴിലധിഷ്ഠിത പരിപാടികൾ തുടങ്ങിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികവർഗ്ഗ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം 4443.75 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനായി 4443.75 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിലെ ഭേദഗതി

113 (4721) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുണ്ടായിരുന്ന പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ ഭേദഗതി വരുത്തുവാൻ കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ എപ്പോഴെല്ലാമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം ജാതിയിൽപ്പെട്ടവരെയാണ് ലിസ്റ്റിൽ നിന്നും ഒഴിവാക്കാനും ഉൾപ്പെടുത്തുവാനും തീരുമാനിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതുസംബന്ധിച്ച വിവിധ ഘട്ടങ്ങളിൽ സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യം ഉന്നയിച്ചതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ ഭേദഗതി വരുത്തുവാൻ 1987-ലും 1991-ലും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

(ബി) പട്ടികജാതി ലിസ്റ്റിൽ നേരിയൻ എന്ന ഒരു സമുദായത്തെ മാത്രമാണ് പട്ടികജാതിയായി ഉൾപ്പെടുത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ ലിസ്റ്റിൽ താഴെ കൊടുത്തിട്ടുള്ള 8 സമുദായങ്ങളെ പട്ടികജാതിയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ചോലനായ്ക്കൻ, 2. കറംപാലൻ, 3. മലപണിക്കർ, 4. മലവേട്ടുവൻ, 5. മാവിലൻ, 6. തേൻ കുറുമ്പൻ, തേനുകുറുമ്പൻ, 7. മച്ചനാടൻ, മച്ചനാടൽ മൂപ്പൻ, 8. വേട്ടകുറുമ്പൻ. പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്ന മറാട്ടി സമുദായത്തെ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വേട്ടുവൻ, പുലയ വേട്ടുവൻ സമുദായങ്ങളെ പഴയ കൊച്ചി സംസ്ഥാനത്ത് മാത്രം പട്ടികജാതികളായി കണക്കാക്കി പ്രാദേശിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം പഴയ കൊച്ചി സംസ്ഥാനം ഒഴികെ എല്ലാ പ്രദേശത്തുമുള്ള വേട്ടുവർക്കും പുലയ വേട്ടുവർക്കും പട്ടികജാതി പദവി നഷ്ടപ്പെട്ടിരിക്കുകയാണ്.

(സി) സംസ്ഥാന സർക്കാർ 15-6-1991-ന് 2764/ഇ2/87/എസ്.സി.എസ്.ടി. ഡി.ഡി. നമ്പർ കത്ത് പ്രകാരം കേന്ദ്രസർക്കാരിന് പട്ടികജാതി ലിസ്റ്റിൽ ഭേദഗതി വരുത്തുന്നതിനായി ശുപാർശ നൽകിയിരുന്നു. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ ലിസ്റ്റിലെ സമുദായങ്ങളുടെ അപരനാമങ്ങൾ, പുതുതായി ഉൾപ്പെടുത്തുന്ന സമുദായങ്ങൾ, പ്രാദേശിക പരിധി നിർണ്ണയം എന്നിവ സംബന്ധിച്ച് പരിശോധിച്ച് അവയിൽ ഉണ്ടായേക്കാവുന്ന തെറ്റുകളും തെറ്റായ വ്യഖ്യാനങ്ങളും പുനഃപരിശോധിച്ച് അവ ഒഴിവാക്കി അറിയിക്കുവാനും 7-3-2000-ലെ 12016/9/2000/എസ്.സി.ഡി. (ആർ.എൽ.) കത്തു വഴി കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ 15-6-1991-ൽ അയച്ചുകൊടുത്തിരുന്ന ശുപാർശകൾ തെറ്റുകളും തെറ്റായ വ്യാഖ്യാനങ്ങളും ഉണ്ടോ എന്ന് പുനഃപരിശോധിക്കാതെയും എസ്.സി./എസ്.റ്റി. ലിസ്റ്റിലെ ജാതി നാമധേയങ്ങൾ മലയാളത്തിൽ തർജ്ജിമ ചെയ്തയയ്ക്കുക മാത്രമാണ് 21-3-2000-ലെ 3787/ജ1/2000/എസ്.സി.എസ്.ടി.ഡി.ഡി. കത്തുവഴി കേരള ഗവൺമെന്റ് കേന്ദ്രത്തെ അറിയിച്ചിട്ടുള്ളത്. ഇതനുസരിച്ചാണ് കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുള്ളത്.

പട്ടികവർഗ്ഗ ലിസ്റ്റ് ഭേദഗതി

114 (4722) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ കേരളത്തിലെ പട്ടികവർഗ്ഗ ലിസ്റ്റ് ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിജ്ഞാപനം വഴി ഏതൊക്കെ സമുദായങ്ങളെയാണ് പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly